## പത്രക്കുറിപ്പ്

# വീട്ടിൽ അതിക്രമിച്ചുകയറി സ്ത്രീയെ മാനഭംഗപ്പെടുത്താൻ ശ്രമിച്ച കേസിലെ പ്രതി പിടിയിൽ

## കോവിഡ്-19

# വിലക്ക് ലംഘനം: 47 പേർക്കെതിരെ നിയമനടപടി 13,000/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം:-മാരകായുധങ്ങളുമായി വീട്ടിൽ അതിക്രമിച്ചുകടന്ന് സ്ത്രീയെ മാനഭംഗപ്പെടുത്താൻ ശ്രമിക്കുകയും പോലീസുദ്യോഗസ്ഥരുടെ ഡ്യൂട്ടി തടസ്സം വരുത്തുകയും ചെയ്ത സംഘത്തിലെ ഒരാളെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. അടിമലത്തുറ അമ്പലത്തുംമൂല ജൂബിലി നഗർ റീന ഹൗസിൽ അനീഷ് (25) നെയാണ് വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്തത്. 2020 ഫെബ്രുവരി- 2 നാണ് കേസിനാസ്പദമായ സംഭവം നടന്നത്. അടിമലത്തുറ സ്വദേശിയായ സ്ത്രീയുടെ വീട്ടിൽ അനീഷ് ഉൾപ്പെടുന്ന പത്തംഗ സംഘം മാരകായുധങ്ങളുമായി അതിക്രമിച്ചു കടന്നാണ് ആക്രമണം നടത്തിയത്. വിവരമറിഞ്ഞ് സ്ഥലത്ത് എത്തിയ പോലീസ് പാർട്ടിയെയും സംഘം തടഞ്ഞിരുന്നു. അടിമലത്തുറ പള്ളിയിൽ നിന്നും ധന സഹായം നിരസിച്ചതു സംബന്ധിച്ചുള്ള വിരോധമാണ് സ്ത്രീക്ക് നേരെ അതിക്രമം ഉണ്ടാകാനുള്ള കാരണം. സംഭവത്തിന് ശേഷം ഒളിവിൽ പോയ പ്രതികളിൽ അലോഷ്യസ് (32), സേവ്യർ(38)



വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്ത
അനീഷ് (25)

എന്നിവരെ പോലീസ് നേരത്തെ അറസ്റ്റ് ചെയ്തിരുന്നു. വിഴിഞ്ഞം എസ്.എച്ച്.ഒ പ്രവീൺ, എസ്.ഐ സജി, സി.പി.ഒ മാരായ കൃഷ്ണകുമാർ, അജികുമാർ എന്നിവരടങ്ങിയ പോലീസ് സംഘമാണ് പ്രതിയെ പിടികൂടിയത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

## കോവിഡ് സുരക്ഷാ കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ പോലീസ് ഇന്നലെ (09-01-2021) നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 47 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 16 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 26 പേരിൽ നിന്നും 13,000/- രൂപ പിഴ ഈടാക്കി. കൂടാതെ, കോവിഡ് സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 5 വാഹനങ്ങൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു.

തിരുവനന്തപുരം സിറ്റി
09-01-2021

**ഐ ജി പി & കമ്മീഷണർക്ക് വേണ്ടി**

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി